കേരള സാഹിത്യ അക്കാദമി ആപ്പീസ്,
തൃശൂർ - 1.11..2010

**പത്രക്കുറിപ്പ്:**

# മാറുന്ന ആഗോളചുറ്റുപാടുകളിലേയ്ക്ക് മലയാളഭാഷയെ വളർത്തണം

## കെ.എൽ.മോഹനവർമ്മ

**ആ**ധുനിക സാങ്കേതികജ്ഞാനം നാട്ടിൽ പ്രചരിച്ചതോടെ മലയാളിയുടെ ഭാഷാസമീപനം മാറിപ്പോയിട്ടുണ്ടെന്ന് കെ.എൽ. മോഹനവർമ്മ പറഞ്ഞു. കേരള സാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഭാഷാസംരക്ഷണദിനത്തോടനുബന്ധിച്ച് അക്കാദമി ഓഡിറ്റോറിയത്തിൽ നടന്ന ഭാഷാസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മലയാളഭാഷകൊണ്ടു മാത്രം ആധുനികമലയാളിക്ക് ലോകവുമായി സംവദിക്കാൻ സാധിക്കുന്നില്ല. പുതിയ വാക്കുകളെ നമ്മുടെ ഭാഷാപാരമ്പര്യത്തിൽ ഇണക്കിച്ചേർത്തുകൊണ്ട് മാറുന്ന സങ്കേതികലോകത്തിനൊപ്പമെത്താൻ നാം ശ്രമിക്കേണ്ടതുണ്ട്. അതിന് മറ്റു ഭാഷകളിൽനിന്നുള്ള പദങ്ങൾ നമ്മുടെ സ്വന്തം ഭാഷയിലേയ്ക്ക് സ്വീകരിക്കണമെന്നും മോഹനവർമ്മ കൂട്ടിച്ചേർത്തു.

സ്വന്തം ഭാഷയ്ക്കുവേണ്ടി ഒരു ദിനം നീക്കിവെയ്ക്കുന്ന ഒരു ജനത ലോകത്ത് കേരളത്തിൽ മാത്രമായിരിക്കുമെന്ന് അദ്ധ്യക്ഷതവഹിച്ച അക്കാദമി വൈസ് പ്രസിഡണ്ട് പ്രഭാവർമ്മ പറഞ്ഞു. ഒട്ടും മേന്മയല്ല ഇക്കാര്യമെങ്കിലും നമ്മുടെ ഭാഷയെ സംരക്ഷിക്കാൻ കൂട്ടായ ശ്രമങ്ങൾ ഉണ്ടായേത്തീരൂ എന്നും അദ്ദേഹം പറഞ്ഞു.

ചെറിയ ക്ലാസ്സുകൾ തുടങ്ങി നല്ല മലയാളം പഠിപ്പിക്കാനുള്ള ശില്പശാലകൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും നൽകേണ്ടത് അനിവാര്യമാണെന്ന് *ഭാഷാപഠനം* എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് ഡോ.എസ്.കെ.വസന്തൻ അഭിപ്രായപ്പെട്ടു. ഉയർന്ന ഭാഷാബോധമുള്ള തലമുറയ്ക്കേ ഉന്നതമായ സാഹിത്യം സൃഷ്ടിക്കാനാവൂ എന്നും അദ്ദേഹം പറഞ്ഞു.

അക്ഷരം, പുസ്തകം, വായന എന്നിങ്ങനെ ഭാഷയുമായി ബന്ധപ്പെട്ട മേഖലകളെ ചലനാത്മകമാക്കാൻ സാഹിത്യ അക്കാദമി പ്രതിജ്ഞാബദ്ധമാണെന്ന് അക്കാദമി സെക്രട്ടറി പുരുഷൻ കടലുണ്ടി പറഞ്ഞു. സാംസ്കാരികയാത്ര, ആദരായണം, നവോത്ഥാനസന്ദേശയാത്ര തുടങ്ങിയ പരിപാടികളിലൂടെ മലയാളിയുടെ ഭാഷാഭിമാനത്തെ ഉയർത്താനും മലയാളഭാഷയ്ക്ക് ക്ലാസ്സിക് പദവി നേടിയെടുക്കുന്നതിനുള്ള ശ്രമത്തിൽ നേതൃത്വം നൽകാനും കേരള സാഹിത്യ അക്കാദമിക്ക് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം പറഞ്ഞു.

മുല്ലനേഴി, അശോകൻ ചരുവിൽ, ടി.സി.ജോൺ, പുഷ്പജൻ കനാരത്ത് എന്നിവർ സംസാരിച്ചു.

**പുരുഷൻ കടലുണ്ടി**
സെക്രട്ടറി